നം.കെ.എസ്.എ.പിറ്റിഎ.പി11-944/2019 തീയതി: 5.12.2019

**പത്തനംതിട്ട ജില്ലയിലെ ആറന്മുള ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വരവ്-ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട് (1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4) -ാം വകുപ്പ്, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)**

**ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ**

പത്തനംതിട്ട ജില്ലയിലെ ആറന്മുള ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വരവ് ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 17.1.2019 മുതൽ 15.10.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 27 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധന വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമുണ്ടായിരിക്കുന്നതല്ല.

**ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | വിജയലക്ഷ്മി പി കെ,<br>ഡെപ്യൂട്ടി ഡയറക്ടർ |
| **ഓഡിറ്റിന് വിനിയോഗിച്ച സമയം** | 16.10.2019 മുതൽ 2.11.2019 വരെ |
| **ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം** | ശ്രീ. അരുൺ എസ് നായർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. അരുൺ പി ബി,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ<br>*(21.10.2019 വരെ)* |
| | ശ്രീ. സുനിൽകുമാർ യു എസ്,<br>ഓഡിറ്റർ |

## നിർവ്വഹണാധികാരികൾ

### പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി ഐഷാ പുരുഷോത്തമൻ | 1.4.2018 മുതൽ 31.3.2019 വരെ |

### വൈസ് പ്രസിഡന്റ്

| | |
|---|---|
| ശ്രീ. പ്രസാദ് വേരുങ്കൽ | 1.4.2018 മുതൽ 31.3.2019 വരെ |

### സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൻമാർ

| | |
|---|---|
| ശ്രീമതി കാവേരി വി ആർ *(വികസനകാര്യം)* | 1.4.2018 മുതൽ 31.3.2019 വരെ |
| ശ്രീമതി ഷീജാ റ്റി. റ്റോജി *(ആരോഗ്യം- വിദ്യാഭ്യാസം)* | 1.4.2018 മുതൽ 31.3.2019 വരെ |
| ശ്രീ. ഉണ്ണികൃഷ്ണൻ നായർ എം പി *(ക്ഷേമകാര്യം)* | 1.4.2018 മുതൽ 31.3.2019 വരെ |

### സെക്രട്ടറി

| | |
|---|---|
| ശ്രീ. വിജയൻ റ്റി വി | 1.4.2018 മുതൽ 25.4.2018 വരെ |
| ശ്രീ. ഷിഹാബുദ്ദീൻ എ | 26.4.2018 മുതൽ 3.6.2018 വരെ |
| ശ്രീ. വിജയൻ റ്റി വി | 4.6.2018 മുതൽ 22.6.2018 വരെ |
| ശ്രീ. ഷിഹാബുദ്ദീൻ എ | 23.6.2018 മുതൽ 27.6.2018 വരെ |
| ശ്രീ. വിജയ് എസ് | 28.6.2018 മുതൽ 31.3.2019 വരെ |

### മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| | |
|---|---|
| **കൃഷി ഓഫീസർ** | |
| ശ്രീ. മാത്യൂസ് കോശി | 1.4.2018 മുതൽ 23.10.2018 വരെ |
| ശ്രീമതി പുഷ്പാ എസ് | 24.10.2018 മുതൽ 10.2.2019 വരെ |
| ശ്രീമതി ദിവ്യശ്രീ എസ് | 11.2.2019 മുതൽ 31.3.2019 വരെ |
| **മെഡിക്കൽ ഓഫീസർ (സി.എച്ച്.സി)** | |
| ഡോ. അഖില രാജ് | 1.4.2018 മുതൽ 31.3.2019 വരെ |
| **മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)** | |
| ഡോ. ഷിജി പാപ്പച്ചൻ | 1.4.2018 മുതൽ 31.3.2019 വരെ |
| **മെഡിക്കൽ ഓഫീസർ (ഹോമിയോ)** | |
| ഡോ. ഷാജി | 1.4.2018 മുതൽ 31.3.2019 വരെ |
| **അസിസ്റ്റന്റ് എഞ്ചിനീയർ** | |
| ശ്രീമതി അനുദേവാ വി എസ് | 1.4.2018 മുതൽ 19.6.2018 വരെ |
| ശ്രീമതി ഷീജാമോൾ എസ് | 20.6.2018 മുതൽ 10.7.2018 വരെ |
| ശ്രീ. രാഹുൽ ആർ | 11.7.2018 മുതൽ 16.7.2018 വരെ |
| ശ്രീമതി ആര്യ എസ് എസ് | 17.7.2018 മുതൽ 31.3.2019 വരെ |
| **വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ , കിടങ്ങന്നൂർ** | |
| ശ്രീ. രാഹുൽ എസ് | 1.4.2018 മുതൽ 31.3.2019 വരെ |

| | |
|---|---|
| **വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ , ആറാട്ടുപ്പുഴ** | |
| ശ്രീ. പ്രതാപ് കെ എസ് | 1.4.2018 മുതൽ 31.3.2019 വരെ |
| **വെറ്ററിനറി സർജൻ** | |
| ഡോ. സൂസൻ പി ഐസക്ക് | 1.4.2018 മുതൽ 31.3.2019 വരെ |
| **ഐ.സി.ഡി.എസ് സൂപ്പർവൈസർ** | |
| ശ്രീമതി മിനിമോൾ എം എസ് | 1.4.2018 മുതൽ 31.3.2019 വരെ |
| **ഹെഡ് മാസ്റ്റർ, ജിഎൽപിഎസ്, മാലക്കര** | |
| ശ്രീമതി ഡെയ്സി മാത്യു | 1.4.2018 മുതൽ 31.3.2019 വരെ |
| **ഡയറി ഫാം ഇൻസ്ട്രക്ടർ** | |
| ശ്രീമതി വീണ | 1.4.2018 മുതൽ 31.3.2019 വരെ |

**<u>റിപ്പോർട്ടിന്റെ ഉള്ളടക്കം</u>**

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെകൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

**<u>ഭാഗം 1: ഓഡിറ്റ് റിപ്പോർട്ട്</u>**

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

**<u>ഭാഗം 2: വരവ്- വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>**

രസീതു പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

**<u>ഭാഗം 3: ചെലവ് – വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>**

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

**<u>ഭാഗം 4: പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>**

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

**<u>അനുബന്ധം</u>**

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ബാലൻസ് ഷീറ്റ്- 2018-19
3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്- 2018-19
4. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്- 2018-19

**<u>ഉള്ളടക്കം</u>**


| ക്രമ നം. | ഭാഗം 1- ഓഡിറ്റ് റിപ്പോർട്ട് | ഖണ്ഡിക നം. |
|---|---|---|
| 1 | ബഡ്ജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| | | |

| | | |
|---|---|---|
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ | 1-11 |
| 12 | സംയുക്ത പദ്ധതികളുടെ നടത്തിപ്പിൽ അനാസ്ഥ | 1-12 |
| 13 | പഞ്ചായത്തിന് ലഭിച്ച ഫണ്ട് പൂർണ്ണമായി ചെലവഴിച്ചില്ല | 1-13 |
| 14 | തനത് ഫണ്ടിൽ ഉൾപ്പെട്ടിട്ടുള്ള മറ്റ് ഫണ്ടുകൾ ചെലവഴിക്കപ്പെടുന്നില്ല | 1-14 |
| 15 | പദ്ധതി നടത്തിപ്പ് - അവലോകനം | 1-15 |
| 16 | കടമുറിയുടെ വാടകയിനത്തിൽ ഈടാക്കാൻ അവശേഷിക്കുന്നത് 1.73ലക്ഷം രൂപ | 1-16 |
| 17 | ജി.എസ്.ടി ഇനത്തിൽ ഈടാക്കാനുള്ളത് 22680രൂപ | 1-17 |
| 18 | തൊഴിൽനികുതി ഈടാക്കിയില്ല | 1-18 |
| 19 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണം-ഗുണഭോക്താക്കളുടെ പട്ടികയ്ക്ക് പഞ്ചായത്ത്കമ്മറ്റിഅംഗീകാരം വാങ്ങിയില്ല | 1-19 |
| 20 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 1-20 |
| 21 | മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും 622539രൂപയുടെ മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നു | 1-21 |
| 22 | കൃഷിഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതിയിലെ അപാകതകൾ | 1-22 |
| 23 | ലൈബ്രറിക്ക് പുസതകം വാങ്ങിയത് വിതരണം ചെയ്തില്ല | 1-23 |
| 24 | വാടക ഡിപ്പോസിറ്റ് തുക തിരികെ നൽകിയത് - ജി.എസ്.ടി ഈടാക്കിയില്ല | 1-24 |
| 25 | ജീവനക്കാരുടെ ശമ്പള പരിഷ്കരണം- പുതുക്കിയ നിരക്കിലുള്ള പെൻഷൻ കോൺട്രിബ്യൂഷൻ തുക ഒടുക്കിയിട്ടില്ല | 1-25 |
| 26 | സെന്റേജ് ചാർജ്ജ് അധികം നൽകി | 1-26 |
| 27 | പൊതു ടാപ്പുകളുടെ വെള്ളക്കരം കുറയ്ക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നില്ല | 1-27 |
| 28 | കരാർ വെച്ച പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല | 1-28 |
| 29 | പാർട്ട് ബിൽ നൽകിയ പ്രവൃത്തികൾ പൂർത്തീയാക്കില്ല | 1-29 |
| 30 | ലൈഫ് ഭവന പദ്ധതി -വിവരങ്ങൾ | 1-30 |
| 31 | അഗതി രഹിത കേരളം- പദ്ധതി ഫലപ്രദമായി നടപ്പാക്കുന്നതിൽ വീഴ്ച | 1-31 |
| 32 | ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ്- ലഘു അവലോകനം | 1-32 |
| 33 | ഗുണഭോക്തൃ പട്ടികയിലെ മുൻഗണനാ ക്രമത്തിലല്ലാതെ ആനുകൂല്യം നൽകുന്നു | 1-33 |
| 34 | പഞ്ചായത്ത് ലൈബ്രറി പ്രവർത്തനം – പൊതു അവലോകനം | 1-34 |
| 35 | നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിച്ചില്ല- തുക തടസ്സപ്പെടുത്തുന്നു | 1-35 |
| | **ഭാഗം 2- വരവ്- വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| | -----ഇല്ല---- | |
| | | |

| | | |
|---|---|---|
| | **ഭാഗം 3- ചെലവ്- വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| | ------ഇല്ല---- | |
| | **ഭാഗം 4- പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 36 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1 |
| 37 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും | 4-2 |
| 38 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 39 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 40 | വായ്പ / വായ്പാ തിരിച്ചടവ് | 4-5 |
| 41 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 42 | ഓഡിറ്റ് റിക്കവറി | 4-7 |
| 43 | സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 44 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 45 | ഓഡിറ്റ്-പ്രത്യവലോകനം | 4-10 |
| 46 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബഡ്ജറ്റ്

ഗ്രാമപ്പഞ്ചായത്തിന്റെ2018-19 വർഷത്തെ ബഡ്ജറ്റ് 24.3.18-ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. 13.2.2019-ലെ 2-ാം നമ്പർ തീരുമാനപ്രകാരം പുതുക്കിയ ബഡ്ജറ്റിന് അംഗീകാരം നൽകി.

## 1-2 വാർഷിക ധനകാര്യപത്രിക

| *വർഷം* | *ധനകാര്യപത്രിക ലഭിക്കേണ്ട തീയതി* | *ലഭിച്ച തീയതി* |
|---|---|---|
| 2018-19 | 31.7.2019 | 16.4.2019 |

## 1-3 സാമ്പത്തിക വിശകലനം

| *ഇനം* | *തുക* |
|---|---|
| മുന്നിരിപ്പ് | 11332659 |
| വരവ് | 113726236.50 |
| ആകെ | 125058896 |
| ചെലവ് | 91200596 |
| നീക്കിയിരിപ്പ് | 33858300 |

## 1-4 ഫണ്ട് വിനിയോഗം

| *ഫണ്ടിനം* | *മുൻ ബാക്കി* | *തൻവർഷ വരവ്/* | *ആകെ* | *ചെലവ്* | *നീക്കി ബാക്കി/* |
|---|---|---|---|---|---|

| | | അലോട്ട്മെന്റ് തുക | | | ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | - | 17267000 | 17267000 | 13910425 | 3356575 |
| വികസന ഫണ്ട് (എസ്.സി.പി) | - | 17626000 | 17626000 | 15615911 | 2010089 |
| വികസന ഫണ്ട് (റ്റി.എസ്.പി) | - | 160000 | 160000 | 150000 | 10000 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | - | 21235000 | 21235000 | 19962934 | 1272066 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | - | 3542000 | 3542000 | 2401279 | 1140721 |
| ധനകാര്യ കമ്മീഷൻ അവാർഡ് | - | 8015000 | 8015000 | 5321860 | 2693140 |
| ട്രഷറി റ്റി.എസ്.ബി (ജനറൽ പർപ്പസ്) | -181021 | 27450933 | 27269912 | 11342593 | 15927319 |
| ട്രഷറി റ്റി.എസ്.ബി (ജോയിന്റ് വെൻച്വർ) | 2598501 | 8361623 | 10960124 | 5188637 | 5771487 |
| സാക്ഷരത (IOB,ഇടയാറന്മുള) | 2920 | 44 | 2964 | - | 2964 |
| ദുരിതാശ്വാസ നിധി (സെൻട്രൽ ബാങ്ക്) | 5083 | 1000 | 6083 | - | 6083 |
| MGNREGS ഭരണ ചെലവുകൾ | 5816 | 354000 | 359816 | 345167 | 14649 |
| MGNREGS തൊഴിലാളികളുടെ കൂലി | - | 17722493 | 17722493 | 17722493 | - |
| തനത് ഫണ്ട് ബാങ്ക് അക്കൗണ്ട് | 8117197 | 18581509 | 26698706 | 14989174 | 11709532 |
| തനത് ഫണ്ട് ട്രഷറി അക്കൗണ്ട് | 528942 | 26740970 | 27269912 | 11342593 | 15927319 |
| ഇ-പേയ്മെന്റ് (SBI) | 48815 | 135806 | 184621 | - | 184621 |
| വെസ്റ്റേൺ ഘട്ട് (IOB, ഇടയാറന്മുള) | 18345 | 621 | 18966 | - | 18966 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| *അംഗീകാരം ലഭിച്ചത്* | *അടങ്കൽ* | *നടപ്പാക്കിയത്* | *ചെലവഴിച്ച തുക* | *ഭാഗികമായി നടപ്പാക്കിയത്* | *നടപ്പാക്കാത്തവ* | *പൂർത്തിയാക്കിയ പദ്ധതികളുടെ ശതമാനം* |
|---|---|---|---|---|---|---|
| 404 | 134898969 | 252 | 70092917 | - | 152 | 62.37 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| *ഇനം* | *മുന്നിരിപ്പ്* | *വരവ്* | *ആകെ* | *ചെലവ്* | *നീക്കിയിരുപ്പ്* |
|---|---|---|---|---|---|
| ഭരണചെലവുകൾ | 5816 | 320000 | 325816 | 311167 | 14649 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 17722000 | 17722000 | 1772200 | - |

# 1-7 ക്ഷേമ പദ്ധതികൾ

| *പെൻഷൻ ഇനം* | *ഗുണഭോക്താക്കളുടെ എണ്ണം* | *പെൻഷൻ ഇനത്തിലെ ചെലവ്* |
|---|---|---|
| | | |

| | | |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 516 | 6370400 |
| ദേശീയ വാർദ്ധക്യകാല പെൻഷൻ | 2953 | 38979700 |
| വികലാംഗ പെൻഷൻ | 312 | 3806400 |
| 50വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 30 | 376800 |
| വിധവാ പെൻഷൻ | 947 | 11716400 |
| തൊഴിൽ രഹിത വേതനം | 6 | 7680 |

# 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 31.10.2019-ന് ഉച്ചയ്ക്ക് ശേഷം 3 മണിയ്ക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 44194/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തര നിയന്ത്രണം

**പൊതുനിയന്ത്രണം:** ഗ്രാമപ്പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവിൽ തൃപ്തികരമാണ്. ആഭ്യന്തര നിയന്ത്രണം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ ഭരണ സമിതി സ്വീകരിച്ചിട്ടുണ്ട്.

**അക്കൗണ്ടിംഗ് സംവിധാനം:** സാംഖ്യാ സോഫ്റ്റ്‌വെയർ മുഖേനയുള്ള അക്കൗണ്ടിംഗ് സംവിധാനം പൊതുവേ തൃപ്തികരമാണ്. എന്നാൽ, 2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രികയുടെ അപാകതകൾ നാളിതുവരെ പരിഹരിച്ചിട്ടില്ല.

**ആസ്തി സംരക്ഷണം:** ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുകയോ, രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. സാംഖ്യാ സോഫ്റ്റ് വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല. 26.07.11-ലെ ജി.ഒ.(എം.എസ്.) 152/11/തസ്വഭവ നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ഗ്രാമപ്പഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

**വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല.** പദ്ധതിആസൂത്രണവുമായി ബന്ധപ്പെട്ട് 13 വർക്കിംഗ് ഗ്രൂപ്പുകൾ പുന:സംഘടിപ്പിച്ചിട്ടുണ്ട്. ഓരോ വിഷയമേഖലയിലെയും സ്റ്റാറ്റസ് റിപ്പോർട്ടുകളുടെ മുൻഗണനാക്രമത്തിന്റെ അടിസ്ഥാനത്തിൽ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയാണ്. വർക്കിംഗ് ഗ്രൂപ്പുകൾ നിരന്തരം യോഗം ചേർന്ന് പദ്ധതിപ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതാണെങ്കിലും പ്രോജക്ട് നിർദ്ദേശങ്ങളിൽ മാത്രമൊതുങ്ങുന്നതായി മിനിട്സ് പരിശോധിച്ചതിൽ ബോധ്യമായി. പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിന്ന് ശ്രമിച്ചിട്ടില്ല. അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിട്ടർ ചെയ്യേണ്ടതും മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവഹണ ഉദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയാണ്. എന്നാൽ, ഈ നിബന്ധന പൂർണ്ണമായി പാലിക്കപ്പെടുന്നില്ല.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| *ഓഡിറ്റ്* | *അവസാനം ഓഡിറ്റ് നടത്തിയ തീയതി* | *ഓഡിറ്റ് കാലയളവ്* | *റിപ്പോർട്ട് ലഭിച്ച തീയതി* |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.10.2019-11.10.2019 | 10/2019 | റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10.8.2012- | 2007-08 മുതൽ 2011-12 വരെ | 25.10.2012 |

| | | | |
|---|---|---|---|
| | 25.8.2012 | | |

# 1-11 വാർഷിക കണക്കിലെ അപാകതകൾ

ആറന്മുള ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1. വാർഷിക ധനകാര്യ പത്രികയോടൊപ്പം അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ സമർപ്പിച്ചിട്ടില്ല.
2. ഷെഡ്യൂൾ ബി2 :-ദുരിതാശ്വാസ നിധിയുടെ ബാങ്ക് ബുക്ക് , പാസ്സ് ബുക്ക് ഇവ തമ്മിൽ പൊരുത്തപ്പെടുത്തലുകൾ നടത്തിയിട്ടില്ല.
3. ഷെഡ്യൂൾ ബി3 :-വിവിധ ഫണ്ടുകളിൽ നിന്നും ആസ്തികൾ സൃഷ്ടിക്കുന്നതിനു വേണ്ടി ചെലവഴിച്ച തുക ക്യാപിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയിട്ടില്ല. മുൻ വർഷത്തെ അതേ തുക(52806401) തന്നെയാണ് ഈ വർഷവും നീക്കിയിരിപ്പായി കാണിച്ചിട്ടുള്ളത്.

ഷെഡ്യൂൾ ബി 4 :

അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിന്റെ അഭാവത്തിൽ ചുവടെ ചേർക്കുന്ന ബാലൻസ് തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് കഴിഞ്ഞിട്ടില്ല. മുൻ വാർഷിക കണക്കുകളുടെ പരിശോധനയിലും ഇതേ അപാകത ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്.

| | | |
|---|---|---|
| 1 | Centrally Sponsered Scheme -Grants Funds & Contribution for Specific purposes-Central Government | 601514 |
| 2 | Grants Funds & Contribution for Specific purposes-Financial Institutions-NABARD Assistance | 10257 |
| 3 | Contributions for Joint Venture Projects (for Capital Expenditure)-From Block Panchayath | 135763 |
| 4 | Contributions for Joint Venture Projects (for Capital Expenditure)-From District Panchayath | 975335 |
| 5 | Contributions for Joint Venture Projects (for Revenue Expenditure)-From Block Panchayath | 130291 |
| 6 | Contributions for Other Specific Purposes (for Revenue Expenditure)-From Block Panchayath | 292911 |

5.ഫ്ളഡ് റിലീഫ് ഗ്രാന്റായി ലഭിച്ച 450000 രൂപ പൂർണ്ണമായി ചെലവഴിച്ചിട്ടുള്ളതാണ്. എന്നാൽ ഇത് ബാദ്ധ്യതയിൽ നിന്നും കുറവു ചെയ്തിട്ടില്ല.

6.ഷെഡ്യൂൾ ബി9 :- ചുവടെ ചേർക്കുന്ന ബാലൻസ് തുകകളുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല. Employees Liabilities - Pension Contribution Payable

| | |
|---|---|
| Employees Liabilities Pension Contribution Payable | 78143 |
| Recoveries Payable- Other Recoveries from Employees | 48145 |
| Govt.and other dues payable- Others | 15189 |
| Refunds Payable -Others | 41143 |

അഡ്വാൻസ് കളക്ഷൻ-തൊഴിൽ നികുതി, ലൈസൻസ് ഫീസ്, വസ്തുനികുതി-വരവ് തുക സംബന്ധിച്ച വിവരങ്ങൾ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

7.ഷെഡ്യൂൾ ബി 9:- ആസ്തികളുടെ അക്കൗണ്ടിംഗ് കൃത്യമല്ല. പഞ്ചായത്തിന്റെ ആസ്തിയിലുള്ള ഭൂമിയുടെ മൂല്യം കേവലം 29000രൂപയായാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

8.ഷെഡ്യൂൾ ബി 15 :-വസ്തുനികുതിയിനത്തിലെ കുടിശ്ശിക തുകകൾ സഞ്ചയ സോഫ്റ്റ്വെയറുമായി പൊരുത്തപ്പെടുന്നില്ല.

9. ഷെഡ്യൂൾ ബി17:

(i) IOB തനത് ഫണ്ട് അക്കൗണ്ട്- റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് - പണമാക്കാത്ത ചെക്കുകളുടെ ആകെ തുകയായി കാണിച്ചിട്ടുള്ള 867670 രൂപയുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല. 2013 മുതലുള്ള ചെക്കുകൾ പണമാക്കാനുള്ളതായി കാണിച്ചിട്ടുണ്ട്. ഇവ വരവായി എടുത്തിട്ടുമില്ല.

(ii) SBI ആറന്മുള - ഇ പേയ്മെന്റ് അക്കൗണ്ട്- സഞ്ചയയിലെ തുകയുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

(iii) ട്രഷറി അക്കൗണ്ട് (തനതു ഫണ്ട്) 08- റികൺസിലിയേഷൻ പത്രികയിൽ 4 ചെക്കുകളിലായി 47677രൂപ അക്കൗണ്ടിൽ ക്രെഡിറ്റിൽ വരാത്തതായി കാണിച്ചിട്ടുണ്ട്. ഏതിനങ്ങളിലുള്ള വരവാണ് ഇതെന്ന് ബോദ്ധ്യപ്പെട്ടിട്ടില്ല. 31.03.2018 ലെ 150000 രൂപയുടെ ചെക്കും 24.03.2018 തീയതിയിലെ 50000രൂപയുടെ ചെക്കും പണമാക്കാത്തതായി കാണിച്ചിട്ടുണ്ട്. എന്നാൽ ഇവ stale cheque ആയി വരവിൽ ഉൾപ്പെടുത്തിയിട്ടില്ല.

10.ഷെഡ്യൂൾ ബി18:-

(i)ഫെസ്റ്റിവൽ അഡ്വാൻസ് - അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

(ii)ഡെപ്പോസിറ്റ് പ്രവൃത്തികൾ- മുൻ വർഷത്തെ ഡെപ്പോസിറ്റ് പ്രവത്തികൾ സംബന്ധിച്ച രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

(iii)തൻവർഷം വിവിധ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ള തുകകൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

1.

| സ്ഥാപനം | മുൻ വർഷ തൻ വർഷ ബാലൻസ് ഷീറ്റിലെ നീക്കിയിരിപ്പുകൾ തമ്മിലുള്ള വ്യത്യാസം | രജിസ്റ്റർ പ്രകാരം തൻവർഷം നിക്ഷേപിച്ച തുക | വ്യത്യാസം | റിമാർക്സ് |
|---|---|---|---|---|
| KSEB | 919664 | 731866 | (-)187798 | തൻ വർഷം ഒരു പ്രവൃത്തിയുടേയും വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |
| KWA | 570825 | 822205 | (+)251380 | |

11.ഷെഡ്യൂൾ I-1 - വസ്തു നികുതി ഡിമാന്റ്, കളക്ഷൻ തുകകൾ സഞ്ചയ സോഫ്റ്റ്വെയറിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

12. രജിസ്റ്റർ പ്രകാരം തൊഴിൽ നികുതിയിനത്തിൽ (ജീവനക്കാർ) 53660 രൂപ ഈടാക്കാൻ അവശേഷിക്കുന്നു. എന്നാൽ ഈ തുക ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിട്ടില്ല.

പ്രസ്തുത അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-12 സംയുക്ത പദ്ധതികളുടെ നടത്തിപ്പിൽ അനാസ്ഥ

2018-19 വർഷം പന്തളം ബ്ലോക്ക് പഞ്ചായത്ത്, പത്തനംതിട്ട ജില്ലാ പഞ്ചായത്ത് എന്നീ സ്ഥാപനങ്ങൾ വിവിധ സംയുക്ത പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| *വിഹിതം നൽകിയ സ്ഥാപനം* | *ലഭിച്ച തുക* | തുക ലഭിച്ച തീയതി | *പ്രോജക്ടിന്റെ പേര്* | *ചെലവ്* | *നീക്കിയിരിപ്പ്* |
|---|---|---|---|---|---|
| പന്തളം ബ്ലോക്ക് പഞ്ചായത്ത് | 680000 | 29.12.2018 | നെൽകൃഷിയ്ക്ക് കൂലി ചെലവ് സബ്സിഡി | 382400 | 297600 |
| പന്തളം ബ്ലോക്ക് പഞ്ചായത്ത് | 2580000 | 29.12.2018 | ലൈഫ് മിഷൻ പാർപ്പിട പദ്ധതി | 2580000 | 0 |
| പന്തളം ബ്ലോക്ക് പഞ്ചായത്ത് | 1500000 | 29.12.2018 | ലൈഫ് മിഷൻ പാർപ്പിട പദ്ധതി (എസ്.സി.പി) | 0 | 1500000 |
| പന്തളം ബ്ലോക്ക് പഞ്ചായത്ത് | 150000 | 29.12.2018 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 150000 | 0 |
| പന്തളം ബ്ലോക്ക് പഞ്ചായത്ത് | 1000000 | 31.3.2018 | ഇടശ്ശേരിമല കമ്മ്യൂണിറ്റി ഹാൾ സ്ഥലം വാങ്ങൽ | 0 | 1000000 |
| പന്തളം ബ്ലോക്ക് പഞ്ചായത്ത് | 500000 | 5.10.2018 | ബഡ്സ് സ്കൂൾ നിർമ്മാണം | 0 | 500000 |
| പന്തളം ബ്ലോക്ക് പഞ്ചായത്ത് | 507700 | 30.3.2018 | മായാലുമൺ ബഡ് സ് സ്കൂൾ കെട്ടിട നിർമ്മാണം | 0 | 507700 |
| പന്തളം ബ്ലോക്ക് പഞ്ചായത്ത് | 100000 | 5.10.2018 | പാലിന് സബ്സിഡി നൽകൽ | 100000 | 0 |
| പന്തളം ബ്ലോക്ക് പഞ്ചായത്ത് | 150000 | 28.3.2019 | അഗതി രഹിത പദ്ധതി | 0 | 150000 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 500000 | 22.3.2019 | സാന്ത്വന പരിചരണം | 466285 | 33715 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 1259623 | 29.12.2018 | ലൈഫ് മിഷൻ പാർപ്പിട പദ്ധതി | 1259623 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 1019200 | 22.3.2019 | ലൈഫ് മിഷൻ പാർപ്പിട പദ്ധതി (എസ്.സി.പി) | 0 | 1019200 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 200000 | 22.3.2019 | അംഗൻവാടി പോഷകാഹാര പരിപാടി | 200000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 200000 | 21.3.2019 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 200000 | 0 |

| | | | | | |
|---|---|---|---|---|---|
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 51936 | 31.12.2018 | കോട്ട കുടിവെള്ള പദ്ധതി | 0 | 51936 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 750000 | 31.12.2018 | 48-ാം നമ്പർ അംഗൻവാടി കെട്ടിട നിർമ്മാണം | 235766 | 514234 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 800000 | 31.3.2018 | മായാലുമൺ ബഡ് സ് സ്കൂൾ കെട്ടിട നിർമ്മാണം | 0 | 800000 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 200000 | 22.3.2019 | പാലിന് സബ്സിഡി | 200000 | 0 |
| **ആകെ** | **12148459** | | | **5774074** | **6374385** |

സംയുക്ത പദ്ധതിയ്ക്കായി ലഭിച്ച തുകയിൽ നിന്നും ഏകദേശം പകുതി തുക മാത്രമാണ് പഞ്ചായത്ത് ചെലവഴിച്ചത്. സംയുക്ത പദ്ധതികളുടെ ഫണ്ട് വിനിയോഗിക്കുന്നത് സംബന്ധിച്ച് സ.ഉ (അച്ചടി) 7/2017/ധന തീയതി 23.1.2017-ലെ ഉത്തരവ് പ്രകാരം, ഇപ്രകാരമുള്ള പദ്ധതികളുടെ പുരോഗതി ഫെബ്രുവരി അവസാന ആഴ്ച വിലയിരുത്തുകയും, ഫണ്ട് ചെലവഴിക്കാൻ സാഹചര്യമില്ലാത്ത പക്ഷം സംയുക്ത പദ്ധതികൾക്കായി ലഭിക്കുന്ന തുക ഫണ്ട് നൽകിയ സ്ഥാപനത്തിന് തിരികെ നൽകേണ്ടതാണ്. മാർച്ച് 31-ന് പ്രസ്തുത സംയുക്ത പദ്ധതികൾക്കായി ലഭിച്ചതും, തൻവർഷം വിനിയോഗിക്കാത്തതുമായ തുക സർക്കാരിലേക്ക് തിരികെ ഒടുക്കേണ്ടതാണ്. വരും വർഷങ്ങളിൽ മേൽ സൂചിപ്പിച്ച സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്.

## 1-13 പഞ്ചായത്തിന് ലഭിച്ച ഫണ്ട് പൂർണ്ണമായി ചെലവഴിച്ചില്ല

ഗ്രാമപഞ്ചായത്തിലെ വാർഷിക പദ്ധതി നടപ്പിലാക്കാനായി തൻ വർഷം ലഭിച്ച വിവിധ ഫണ്ടുകളുടെ വിവരം താഴെ ചേർക്കുന്നു.

| *ഫണ്ടിനം* | *വാർഷിക പദ്ധതിയിൽ വകയിരുത്തിയ തുക* | *ലഭ്യമായ തുക* | *ചെലവ്* | *ലാപ്സായ തുക* |
|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 23231957 | 17267000 | 13910425 | 3356575 |
| വികസന ഫണ്ട് (എസ്.സി.പി) | 23941845 | 17626000 | 15615911 | 2010089 |
| വികസന ഫണ്ട്(റ്റി.എസ്.പി) | 160000 | 160000 | 150000 | 10000 |
| റോഡ് സംരക്ഷണ ഗ്രാന്റ് | 30795293 | 21235000 | 19962934 | 1272066 |
| റോഡിതര സംരക്ഷണ ഗ്രാന്റ് | 5842040 | 3542000 | 2401279 | 1140721 |
| ആകെ | | | | **7789451** |

മേൽ സൂചിപ്പച്ചത് പ്രകാരം പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കാത്തതുമൂലം പഞ്ചായത്തിന് 7789451 രൂപയുടെ നഷ്ടമുണ്ടായി. പദ്ധതി ആസൂത്രണ നിർവ്വഹണ പ്രക്രിയ ഫലപ്രദവും കാര്യക്ഷമവുമാക്കാൻ ഭരണസമിതിയുടെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെയും കൂട്ടായ ശ്രമമുണ്ടാകേണ്ടതാണ്.

## 1-14 തനത് ഫണ്ടിൽ ഉൾപ്പെട്ടിട്ടുള്ള മറ്റ് ഫണ്ടുകൾ ചെലവഴിക്കപ്പെടുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ ബി-4 പ്രകാരം, വിവിധ ശീർഷകങ്ങളിൽ ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകളുടെ (മുൻ വർഷങ്ങളിലെ ഉൾപ്പെടെ) വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ബി-4 പ്രകാരം | |
|---|---|---|
| | 31.3.19 | 2.11.19 |
| Centrally Sponsored Scheme- Grants, Funds and contributions for Specific purposes- Central Government | 601514 | 601514 |
| Suchithwa mission | 1746017 | 1926017 |
| Contributions for JVP (Capital)- from District Panchayats | 975335 | 975335 |
| Contributions for JVP (Capital)- from Block Panchayats | 135763 | 135763 |
| Contributions for JVP (Revenue)- from District Panchayats | 2103730 | 2103730 |
| Contributions for JVP (Revenue)- from Block Panchayats | 2764780 | 5914780 |
| Contributions for other specific purposes (Capital)- from District Panchayats | 130291 | 130291 |
| Contributions for other specific purposes (Revenue)- from Block Panchayats | 292911 | 292911 |

മേൽ സൂചിപ്പിച്ച ഫണ്ടുകൾ വിനിയോഗിക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയിൽ (12/21.10.19), ശുചിത്വ മിഷനിൽ നിന്നും ലഭിച്ച 1746017 രൂപയ്ക്ക് പദ്ധതി രൂപീകരിച്ച് നടപ്പിലാക്കുന്നതാണ് എന്ന് പറഞ്ഞിട്ടുണ്ട്. മറ്റ് ഫണ്ടുകളും തൻ വർഷം പദ്ധതികൾ ആവിഷ്കരിച്ച് ചെലവഴിക്കുന്നതാണെന്ന് പറഞ്ഞെങ്കിലും, നവംബർ മാസമായിട്ടും ടി തുകയിൽ നിന്നും ഒരു രൂപ പോലും ചെലവഴിച്ചിട്ടില്ല. വിവിധോദ്ദേശ്യ ഫണ്ടുകൾ അവ ലഭിച്ച ഉദ്ദേശ്യത്തിനായി ചെലവഴിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 പദ്ധതി നടത്തിപ്പ് - അവലോകനം

ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വർഷം ആസൂത്രണം ചെയ്ത 404 പദ്ധതികളിൽ 252 എണ്ണം മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. 2018 ഓഗസ്റ്റ് മാസത്തെ മഹാപ്രളയം പഞ്ചായത്തിനെ പൂർണ്ണമായി ബാധിക്കുകയും ആയത് 2018-19-ലെ വാർഷിക പദ്ധതി നിർവ്വഹണത്തിലും പ്രതിഫലിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി ചെലവ് 51.96 ശതമാനം മാത്രമാണ്. പഞ്ചായത്തിനെ ഒറ്റ യൂണിറ്റായി കണ്ട് പദ്ധതി വിഭാവനം ചെയ്യണമെന്ന തത്വം പാലിക്കപ്പെട്ടിട്ടില്ല. പശ്ചാത്തല മേഖലയിലെ മിക്കവാറും എല്ലാ പ്രോജക്ടുകളും വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ളതാണ്. വനിതാഘടക പദ്ധതിയിൽ ആവിഷ്കരിച്ച പ്രോജക്ടുകളുടെ ആകെ ചെലവ്, വകയിരുത്തിയ തുകയുടെ 20% മാത്രമാണ്.

പശ്ചാത്തല മേഖലയിലെ മരാമത്ത് പ്രവൃത്തികളിൽ 90 ശതമാനവും വാർഡ് അടിസ്ഥാനത്തിലുള്ള റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളാണ്. ഒരു റോഡിന്റെ മുഴുവൻ നീളത്തിൽ കോൺക്രീറ്റ് ചെയ്യുന്നതിന് പകരം ചെറിയ ചെറിയ ഭാഗങ്ങളായി റോഡിനെ മുറിച്ച് കോൺക്രീറ്റിംഗ് ചെയ്യുന്ന രീതി നിരുത്സാഹപ്പെടുത്തേണ്ടതാണ്.

ആവിഷ്കരിക്കുന്ന പദ്ധതികളിൽ വലിയൊരു പങ്ക് സ്പിൽ ഓവർ ആകുന്നത് പഞ്ചായത്തിന്റെ വരും വർഷം ലഭിക്കുന്ന ഫണ്ടിന്റെ വിനിയോഗത്തെ ബാധിക്കും. 2019-20 വർഷത്തേക്ക് സ്പിൽ ഓവറായ ഏതാനും പ്രോജക്ടുകളുടെ ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു-

(1) വല്ലന ജി.എൽ.പി.എസ് അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ

(2) ആറാട്ടുപ്പുഴ ജി.യു.പി.എസ് അറ്റകുറ്റപ്പണികൾ

(3) കുടുംബശ്രീ കഫേ കെട്ടിട നിർമ്മാണം പൂർത്തീകരണം

(4) ബഡ്സ് സ്കൂൾ നിർമ്മാണം

ആയതിനാൽ പ്രോജക്ടുകളുടെ എണ്ണം കുറച്ച് എല്ലാം തന്നെ അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പൂർത്തീകരിക്കാൻ ഭരണസമിതി, ഉദ്യോഗസ്ഥർ എന്നിവർ ശ്രദ്ധിക്കേണ്ടതാണ്.

പഞ്ചായത്തിന്റെ എല്ലാ ജനങ്ങൾക്കും പ്രയോജനപ്രദമാകുന്ന പദ്ധതികൾ ഏറ്റെടുത്ത് അവ സമയബന്ധിതമായി നടപ്പിലാക്കാൻ പഞ്ചായത്ത് ഭരണസമിതിയുടെയും, ഉദ്യോഗസ്ഥരുടെയും ശ്രമമുണ്ടാകേണ്ടതാണ്.

# 1-16 കടമുറിയുടെ വാടകയിനത്തിൽ ഈടാക്കാൻ അവശേഷിക്കുന്നത് 1.73ലക്ഷം രൂപ

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കിടങ്ങന്നൂർ ഷോപ്പിംഗ് കോംപ്ലക്സിലെ 26-ാം നമ്പർ കടമുറിയുടെ വാടകയിനത്തിൽ 173088 രൂപ ഈടാക്കാൻ അവശേഷിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| വാടകക്കാരന്റെ പേര് | കടമുറിയുടെ നമ്പർ | പ്രതിമാസ വാടക (ജി.എസ്.ടി ഉൾപ്പെടെ) | വാടക ഇനത്തിൽ ഈടാക്കാൻ അവശേഷിക്കുന്ന തുക (ജി.എസ്.ടി ഉൾപ്പെടെ) |
|---|---|---|---|
| ശ്രീ.ഷൈൻ.സി.എബ്രഹാം | 26 | 15736 | 173088 |

വാടക ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് (18/28.10.2019) കുടിശ്ശിക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടി സ്വീകരിച്ച് വരുന്നതായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്. കുടിശ്ശിക തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയോട് ശുപാർശ ചെയ്യുന്നു.

# 1-17 ജി.എസ്.ടി ഇനത്തിൽ ഈടാക്കാനുള്ളത് 22680രൂപ

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കിടങ്ങന്നൂർ ഷോപ്പിംഗ് കോംപ്ലക്സിലെ 27-ാം നമ്പർ കടമുറി

ശ്രീ. ഷൈൻ.സി.എബ്രഹാം എന്ന വ്യക്തിക്ക് 10500രൂപ പ്രതിമാസ വാടകയ്ക്ക് നൽകിയിട്ടുണ്ട്. 2017 ജൂലൈ 1 മുതൽ ഏകീകൃത ചരക്ക് സേവന നികുതി പ്രാബല്യത്തിൽ വന്നതിനാൽ വാടകയോടൊപ്പം 18% നികുതി കൂടി ഈടാക്കേണ്ടതാണ്. ടിയാൻ 02.04.2019-ൽ 119140100020നമ്പർ രസീത് പ്രകാരം പിഴപ്പലിശ ഉൾപ്പെടെ 148680 രൂപ പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്തിയെങ്കിലും ജി.എസ്.ടി ഈടാക്കിയിട്ടില്ല. തന്മൂലം ഈ ഇനത്തിൽ ആകെ 22680രൂപ കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് നഷ്ടം സംഭവിച്ചിട്ടുണ്ട്. ടി തുക വാടകക്കാരനിൽ നിന്നും ഈടാക്കേണ്ടതാണ്. തുക ഈടാക്കാത്ത പക്ഷം ടി തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

# 1-18 തൊഴിൽനികുതി ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിലെ തൊഴിൽനികുതി രജിസ്റ്റർ,അർദ്ധവാർഷിക വരുമാന പത്രിക എന്നിവ പരിശോധിച്ചതിൽ നിന്നും ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ഓഡിറ്റ് വർഷം തൊഴിൽനികുതി ഈടാക്കിയിട്ടില്ലെന്ന് വ്യക്തമായി.

1. പോസ്റ്റ് ഓഫീസ്, ഇടയാറന്മുള (I-ാം അർദ്ധവർഷം)
2. പി.ആർ.ഡി മിനി ഇൻവെസ്റ്റ്മെന്റ്,കോട്ട (II-ാം അർദ്ധവർഷം)
3. ദേവസ്വം ഓഫീസ്,ആറന്മുള പാർത്ഥസാരഥി ക്ഷേത്രം (II-ാം അർദ്ധവർഷം)
4. താഴെയിൽ നിധി ലിമിറ്റഡ്,ആറാട്ടുപുഴ (II-ാം അർദ്ധവർഷം)
5. എക്സൽ ക്ലിനിക്, ആറന്മുള (II-ാം അർദ്ധവർഷം)

6. എം.ഡി.എൽ.പി.എസ്, നീർവിളാകം (I-ാം അർദ്ധവർഷം)

<u>സ്ഥാപന തൊഴിൽനികുതി ഈടാക്കില്ല</u>

ചുവടെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

1. മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ്-കിടങ്ങന്നൂർ
2. കാനറാ ബാങ്ക്-ആറന്മുള
3. എസ്.ബി.ഐ-കിടങ്ങന്നൂർ
4. മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ്-ആറന്മുള

മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്. **(ഓഡിറ്റ് എൻക്വയറി-16/25.10.19, 22/31.10.2019)**

# 1-19 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണം-ഗുണഭോക്താക്കളുടെ പട്ടികയ്ക് ഗ്രാമസഭയുടെ അംഗീകാരം വാങ്ങിയില്ല

ഹെഡ്മിസ്ട്രസ്സ്, ഗവ.എൽ.പി.എസ്, മാലക്കര നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണം എന്ന പദ്ധതി പ്രകാരം ആനുകൂല്യം നൽകിയ ഗുണഭോക്താക്കളുടെ പട്ടികയ്ക്ക് പഞ്ചായത്ത് കമ്മിറ്റിയോ, ഗ്രാമസഭയോ അംഗീകാരം നൽകിയിട്ടില്ല. പ്രസ്തുത പദ്ധതി പ്രകാരം 40 വിദ്യാർത്ഥികൾക്ക് SIDCO Straw Board Factory-യിൽ നിന്ന് മേശയും കസേരയും വാങ്ങി നൽകുന്നതിന് 199986രൂപ ചെലവഴിച്ചിട്ടുണ്ട്. സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റ് പ്രകാരം ആനുകൂല്യം നൽകാവുന്നതാണെങ്കിലും ഗുണഭോക്തൃ പട്ടിക ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതാണ്. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു. ആവശ്യമായ തുടർനടപടി സ്വീകരിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥനോടും ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയോടും ശുപാർശ ചെയ്യുന്നു.

# 1-20 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

കേരള സംസ്ഥാന വൈദ്യുതി ബോർഡ്, കേരള വാട്ടർ അതോറിറ്റി എന്നീ സ്ഥാപനങ്ങൾ മുഖേന പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് വിവിധ പദ്ധതികൾ പ്രകാരം തുകകൾ ഡെപ്പോസിറ്റ് ചെയ്തെങ്കിലും പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ലഭ്യമായിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഏജൻസി | പദ്ധതിയുടെ വിവരം | റിമാർക്സ് |
|---|---|---|---|
| 1 | കേരള വാട്ടർ അതോറിറ്റി | താന്നിക്കുന്ന് കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ<br>SO 447/19<br>81770 (SCP)<br>Bill No. 10/18-19/11.02.19 | പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് വാട്ടർ അതോറിറ്റിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. പദ്ധതിയുടെ പൂർത്തീകരണം സംബന്ധിച്ചോ തുകയുടെ വിനിയോഗം സംബന്ധിച്ചോ വിവരം ലഭ്യമല്ല. |
| 2 | കേരള വാട്ടർ അതോറിറ്റി | പൊട്ടൻമല സെറ്റിൽമെന്റ് കോളനി | പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് വാട്ടർ അതോറിറ്റിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. പദ്ധതിയുടെ പൂർത്തീകരണം സംബന്ധിച്ചോ |

| | | | |
|---|---|---|---|
| | | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ<br>SO 448/19<br>44250 (SCP)<br>Bill No. 11/18-19/11.02.19 | തുകയുടെ വിനിയോഗം സംബന്ധിച്ചോ വിവരം ലഭ്യമല്ല. |
| 3 | കേരള സംസ്ഥാന വൈദ്യുതി ബോർഡ് | പട്ടികജാതി കോളനികളിൽ ലൈൻ വലിച്ച് ലൈറ്റ് സ്ഥാപിക്കൽ<br>SO 386/19<br>544005 (SCP)<br>Bill No. 08/18-19/16.01.19<br>Bill No. 12/18-19/08.03.19<br>Bill No. 15/18-19/11.03.19<br>Bill No. 20/18-19/27.03.19 | 28910 രൂപയുടെ നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന 515095 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. |
| 4 | കേരള സംസ്ഥാന വൈദ്യുതി ബോർഡ് | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ<br>SO 056/19<br>46325 (SCP)<br>Bill No. 22/18-19/27.03.19 | തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. |

നിക്ഷേപ പ്രവൃത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് വാട്ടർ അതോറിറ്റിയുമായി കരാറിൽ ഏർപ്പെടേണ്ടതും വിവിധ പ്രവൃത്തികൾക്കായി നിക്ഷേപിച്ച തുകകളുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-21 മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും 622539രൂപയുടെ മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നു

മെഡിക്കൽ ഓഫീസർ നിർവ്വഹണഉദ്യോഗസ്ഥനായി സാമൂഹിക ആരോഗ്യ കേന്ദ്രത്തിലേക്കും, സാന്ത്വന പരിചരണത്തിന്റെ ആവശ്യത്തിലേക്കുമായി അവശ്യമരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കുന്നതിന് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 644600രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് കൈമാറിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | ബിൽ നമ്പർ, തീയതി | തുക |
|---|---|---|---|
| 1. | 13/19 | 06/19-27.09.18 | 200000 |
| 2. | 05/19 | 1407023/21.03.19 (ചെക്ക് നം.) | 444600 |

മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും നാളിതുവരെ 22061 രൂപയുടെ മരുന്നുകൾ മാത്രമെ ലഭിച്ചിട്ടുള്ളു. 622539 രൂപയുടെ മരുന്നുകൾ ഇനിയും ലഭിക്കാനുണ്ടെന്ന് ഇത് സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് (ഓഡിറ്റ് എൻക്വയറി-12/21.10.2019) മെഡിക്കൽ ഓഫീസർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

അവശ്യമരുന്നുകൾ താമസംവിനാ ലഭ്യമാക്കുന്നതിന് ഉചിതമായ നടപടി സ്വീകരിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥനോടും ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റിയോടും ശുപാർശ ചെയ്യുന്നു.

## 1-22 കൃഷിഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതിയിലെ അപാകതകൾ

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി എസ്.സി.പി.ഫണ്ടിൽ നിന്നും 77500രൂപ വകയിരുത്തി വാഴകൃഷി വികസനം(എസ്.സി.പി) എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ എസ്.സി.വിഭാഗത്തിലുള്ള ഒരു കർഷകന് 15 എണ്ണം വാഴവിത്തും 20.2കി.ഗ്രാം ജൈവവളവും സൗജന്യമായി നൽകുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. പദ്ധതിയുടെ നിർവ്വഹണത്തിലുണ്ടായ അപാകതകൾ ചുവടെ ചേർക്കുന്നു.

**എ) വാഴകൃഷി വികസനം (എസ്.സി.പി) -വാഴവിത്തിന്റെ വിലയിനത്തിൽ അധികം തുക നൽകി**

പദ്ധതിയുടെ ഭാഗമായി 31 യൂണിറ്റ് വീതം വാഴവിത്തും ജൈവവളവും അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നും വാങ്ങിയതിന് എസ്.സി.പി.ഫണ്ടിൽ നിന്നും 23145 രൂപ ചെലവഴിച്ചിട്ടുണ്ട്. അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നും ആദ്യ ഘട്ടമായി ലഭിച്ച 22 യൂണിറ്റ് വാഴവിത്തിന് 270രൂപ വീതമാണ് ബില്ലിൽ രേഖപ്പെടുത്തിയതെങ്കിലും 360രൂപ നിരക്കിലാണ് തുക ഈടാക്കിയിട്ടുള്ളത്. തന്മൂലം വാഴവിത്തിന്റെ വിലയിനത്തിൽ 1980രൂപ അധികം ചെലവഴിച്ചു.വിശദാംശം ചുവടെ ചേർക്കുന്നു.

*(Invoice Serial no.V-519 A/17-18/29.11.2018)*

| Description of goods | QTY | Rate | Total | Actual price |
|---|---|---|---|---|
| Banana suckers<br>(15no.X Rs.18=270/Unit ) | 22 | 360 | 7920 | 5940 |

അധികം നൽകിയ തുക സ്ഥാപനത്തിൽ നിന്നും തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്.

**ബി) ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാത്ത വ്യക്തിക്ക് ആനുകൂല്യം നൽകി**

ശ്രീമതി ലീല എം.ആർ, മലയുടെ കിഴക്കതിൽ, കോട്ട എന്ന വ്യക്തിക്ക് ടി പദ്ധതിയിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകിയിട്ടുണ്ട്. എന്നാൽ ടിയാൾ ഗ്രാമസഭ അംഗീകരിച്ച് നൽകിയ ഗുണഭോക്തൃ പട്ടികയിൽ ഇല്ലാത്ത വ്യക്തിയാണ്. അംഗീകരിച്ച ഗുണഭോക്തൃ പട്ടികയ്ക്ക് പുറത്തുള്ള വ്യക്തിക്ക് ആനുകൂല്യം നൽകിയത് ചട്ടവിരുദ്ധമാണ്. മേൽപ്പറഞ്ഞ അപാകതകൾ ചൂണ്ടിക്കാട്ടി അന്വേഷണക്കുറിപ്പ് (28/19/31.10.2019) നൽകിയെങ്കിലും നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയില്ല. ഗുണഭോക്താവിന് ഗ്രാമസഭയുടെ അംഗീകാരം വാങ്ങി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-23 ലൈബ്രറിക്ക് പുസ്തകം വാങ്ങിയത് വിതരണം ചെയ്തില്ല

കുറുമ്പൻ ദൈവത്താൻ സ്മാരക ലൈബ്രറിക്ക് വേണ്ടി 2017-18 വർഷം 80000/- രൂപ ചെലവഴിച്ച് പുസ്തകങ്ങൾ വാങ്ങിയിട്ടുണ്ട്. പ്രസ്തുത പുസ്തകങ്ങൾ വിതരണം ചെയ്യാതെ പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിരിക്കുകയാണ്. കുറുമ്പൻ ദൈവത്താൻ സ്മാരക ലൈബ്രറിയുടെ പ്രവർത്തനം ആരംഭിക്കാതെയാണ് പുസ്തകം വാങ്ങിയത്. പുസ്തകം വാങ്ങിയതിന് എസ്.സി.പി ഫണ്ട് ആണ് ഉപയോഗിച്ചിട്ടുള്ളത്. കുറുമ്പൻ ദൈവത്താൻ സ്മാരക ലൈബ്രറി നിലവിലും പ്രവർത്തനം ആരംഭിച്ചിട്ടില്ല. പുസ്തകം വിതരണം ചെയ്യാതിരിക്കുന്നത് ഗൗരവമേറിയ സംഗതിയായി ഓഡിറ്റ് വിലയിരുത്തുന്നു. ലൈബ്രറിയുടെ പ്രവർത്തനം ആരംഭിക്കുന്നതിനും അതുവഴി പുസ്തകം ജനങ്ങൾക്ക് പ്രയോജനപ്രദമാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

# 1-24 വാടക ഡെപ്പോസിറ്റ് തുക തിരികെ നൽകിയത് - ജി.എസ്.ടി ഈടാക്കിയില്ല

കിടങ്ങന്നൂർ ഷോപ്പിംഗ് കോംപ്ലക്സിന്റെ 24-ാം നമ്പർ മുറിയുടെ വാടക ഡെപ്പോസിറ്റ് തുകയായ 97500/- രൂപ ശ്രീ. ജീന ജോർജ്ജ് 21.7.17-ലെ 117140102733 നമ്പർ രസീത് പ്രകാരം ഒടുക്കിയിട്ടുള്ളതാണ്. ഇതിൽ നിന്നും 8.5 മാസത്തെ വാടകയായ 51000/- രൂപയും (8.5 x 6000), ഈ കാലയളവിലെ പിഴപ്പലിശയായ 4305/- രൂപയും കൂടി ചേർത്ത് 55365/- രൂപ കുറച്ച് ബാക്കി 42135/- രൂപ നൽകി. ലൈബ്രറിയുടെ പ്രവർത്തനം ആരംഭിക്കുന്നതിനും, അതുവഴി പുസ്തകം ജനങ്ങൾക്ക് പ്രയോജനപ്രദമാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. (ചെക്ക് നമ്പർ. 0769089/16.03.2019) എന്നാൽ, വാടക തുകയോടൊപ്പം ജി.എസ്.ടി ഈടാക്കാതെയാണ് ബാക്കി തുക തിരികെ നൽകിയത്. ആയതിന്റെ കാരണം വ്യക്തമാക്കണം എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25/30.10.19), വാടക കുടിശ്ശിക ഈടാക്കിയ കാലയളവിൽ പഞ്ചായത്തിന് ജി.എസ്.ടി രജിസ്ട്രേഷൻ ഇല്ലാത്തതിനാലാണ് ജി.എസ്.ടി ഈടാക്കാഞ്ഞത് എന്ന വാദം അംഗീകരിക്കുന്നില്ല. പ്രസ്തുത തുക തിരികെ നൽകിയ 3/2019-ൽ പഞ്ചായത്തിന് ജി.എസ്.ടി രജിസ്ട്രേഷൻ ഉണ്ടായിരുന്നു. ജി.എസ്.ടി തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-25 ജീവനക്കാരുടെ ശമ്പള പരിഷ്കരണം- പുതുക്കിയ നിരക്കിലുള്ള പെൻഷൻ കോൺട്രിബ്യൂഷൻ തുക ഒടുക്കിയിട്ടില്ല

സർക്കാർ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനും 07/2014 മുതൽ 01/2016 വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിനും സ.ഉ(അച്ചടി) നം.7/2016/ധന. തീ. 20.01.2016 പ്രകാരം ഉത്തരവായിരുന്നു. ടി ഉത്തരവ് ഖണ്ഡിക 48(1) പ്രകാരം 01/07/2014 പ്രാബല്യത്തിൽ പുതുക്കിയ നിരക്കിലുള്ള ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ധനകാര്യ വകുപ്പിന്റെ 22/3/17-ലെ 16/2017/ഫിൻ സർക്കുലർ അനുസരിച്ച് 31.1.2016-ൽ ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്തിരുന്നതും 2014 ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരമുള്ള പുതുക്കിയ ശമ്പളത്തിന്റെ അടിസ്ഥാനത്തിലുള്ള ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിച്ചതുമായ ജീവനക്കാർക്ക് അർഹമായ അടിസ്ഥാന ശമ്പളകുടിശ്ശികയുടെ 15%-ന് തുല്യമായ തുക പഞ്ചായത്ത് ഫണ്ടിൽ നിന്നും പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ ട്രഷറിയിൽ ഒടുക്കേണ്ടതാണ്. എന്നാൽ ഇതനുസരിച്ചുള്ള പെൻഷൻ കോൺട്രിബ്യൂഷൻ പഞ്ചായത്തിൽ നിന്നും ഒടുക്ക് വരുത്തിയിട്ടില്ല. പങ്കാളിത്ത പെൻഷൻ പദ്ധതിയിലുൾപ്പെട്ട ജീവനക്കാരുടെ 2/2016 മുതൽ പുതിയ നിരക്കിൽ പെൻഷൻ വിഹിതം ഒടുക്കേണ്ടതാണ്. മേൽ സൂചിപ്പിച്ച തുക അടിയന്തിരമായി ഒടുക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-26 സെന്റേജ് ചാർജ്ജ് അധികം നൽകി

കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്ത് നടത്തുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റിന്റെ 10% സൂപ്പർവിഷൻ ചാർജ്ജും 2.5% എസ്റ്റിമേറ്റും പ്ലാനും തയ്യാറാക്കുന്നതിനുള്ള ചാർജ്ജും ചേർത്ത് 12.5% സെന്റേജ് ചാർജ്ജ് ഈടാക്കുന്നുണ്ട്. എന്നാൽ, പൊതു മരാമത്ത് വകുപ്പ് മാന്വൽ കേരള വാട്ടർ അതോറിറ്റിക്കും ബാധകമായതിനാൽ എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിന് 2.5% സെന്റേജ് ചാർജ്ജ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കാൻ പാടില്ലായെന്ന് സ.ഉ(സാധാ.) 1069/18/ തസ്വഭവ/16.4.18 നമ്പർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ 24.9.2018-ലെ KWA/JB/P2/ 663/17 നമ്പർ ഉത്തരവിലും ഈ വിഷയം വ്യക്തമാക്കിയിട്ടുണ്ട്.

| ക്രമ നം. | പദ്ധതി പേര്, നമ്പർ | ഡെപ്പോസിറ്റ് തുക | എസ്റ്റിമേറ്റ് തുക | ഈടാക്കിയ സെന്റേജ് | ഈടാക്കേണ്ടിയിരുന്ന സെന്റേജ് | അധികം ഈടാക്കിയത് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | *(12.5%)* | *(10%)* | |
| 1 | വിളക്കമാടം കുന്നത്തുപടി പൈപ്പ് ലൈൻ നീട്ടൽ (403/19) *ട്രഷറി ബിൽ നം. 5/18-19/23.7.18* | 623000/- | 623000/- | 69171.61 | 55337.28 | 13834.33 |

അധികം നൽകിയ സെന്റേജ് ചാർജ്ജ് ക്രമീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-27 പൊതു ടാപ്പുകളുടെ വെള്ളക്കരം കുറയ്ക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നില്ല

പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 188 ടാപ്പുകൾക്ക് ഗ്രാമപഞ്ചായത്ത് പ്രതിമാസം 82250 രൂപ നിരക്കിൽ 2018-19-ൽ 987000/- രൂപ ചെലവഴിച്ചിട്ടുണ്ട്. സംരക്ഷണ ഗ്രാന്റ് റോഡിതര ഇനത്തിൽ നിന്നാണ് പ്രസ്തുത ചെലവ് നടത്തുന്നത്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിനായി സംയുക്ത പരിശോധനയോ പ്രവർത്തനക്ഷമമല്ലാത്ത വാട്ടർ ടാപ്പുകൾ പ്രവർത്തനക്ഷമമാക്കുന്നതിനോ ഇവയുടെ വെള്ളക്കരം ഒഴിവാക്കുന്നതിനോ യാതൊരുനടപടിയും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. 21.2.2019-ലെ ഡിഎ1/17/2019/തസ്വഭവ സർക്കുലറിലെ നിർദ്ദേശങ്ങൾ പ്രകാരം മഴക്കാലത്തിന് ശേഷം സംയുക്ത പരിശോധന നടത്തി, കോളനികളിലെ പൊതുടാപ്പുകൾ നിലനിർത്തുകയും ബാക്കിയുള്ള പ്രവർത്തനരഹിതമായവ ഒഴിവാക്കുകയും ചെയ്യേണ്ടതാണ്.

പട്ടികജാതി കോളനികളിലെ പൊതുടാപ്പുകൾ നിലനിർത്തി, ഗാർഹിക കണക്ഷന് മുൻഗണന നൽകണമെന്നും അപ്രകാരം ചെയ്ത ശേഷം ആ പ്രദേശത്തെ പൊതു ടാപ്പുകൾ ക്രമേണ നിർത്തലാക്കണമെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണം, നിർവ്വഹണം എന്നിവ സംബന്ധിച്ച മാർഗ്ഗരേഖയുടെ [ജി.ഒ.(എം.എസ്) ] അനുബന്ധത്തിൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ, പഞ്ചായത്ത് എസ്.സി വിഭാഗങ്ങൾക്ക് ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്നതിനുള്ള പ്രോജക്ടുകൾ മാത്രമേ നടപ്പിലാക്കിയിട്ടുള്ളൂ. ഇപ്രകാരമുള്ള പദ്ധതികൾ തുടർന്നും ആവിഷ്കരിച്ചും സംയുക്തപരിശോധന നടത്തിയും പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ പഞ്ചായത്തിനുണ്ടാകുന്ന അധിക ചെലവ് കുറയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-28 കരാർ വെച്ച പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല

മുൻ വർഷങ്ങളിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കാൻ ഉദ്ദേശിച്ച ചുവടെ പറയുന്ന പ്രവൃത്തികൾക്ക് കരാറുകാരുമായി കരാറിലേർപ്പെട്ടിട്ടുണ്ടെങ്കിലും നാളിതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ല.

| *ക്രമ നം.* | *പ്രവൃത്തിയുടെ പേര്* | *കരാർ വെച്ച തീയതി* | *കൺവീനർ/ കരാറുകാരന്റെ പേര്* |
|---|---|---|---|
| 1 | കാവുംപടി വല്ലന ഓട നിർമ്മാണം | 30.3.2017 | ജോജി തോമസ് |
| 2 | കച്ചേരിപ്പടി മത്തായിക്കുളം റോഡ് റീ ടാറിംഗ് | 7.3.2019 | പുരുഷോത്തമൻ നായർ |
| 3 | കുളമാപ്പുഴി മേലേ വലക്കടവ് നടപ്പാത കോൺക്രീറ്റിംഗ് | 30.10.2018 | രവീന്ദ്രനാഥൻ നായർ |
| 4 | പെരുമാത്തുപടി തകരക്കുന്ന് റോഡ് കോൺക്രീറ്റിംഗ് | 11.9.2018 | രവീന്ദ്രനാഥൻ നായർ |

| | | | |
|---|---|---|---|
| 5 | വെഞ്ചേരിപ്പടി പരിയാരത്ത് കടവ് റോഡ് റീടാറിംഗ് | 7.3.2019 | പുരുഷോത്തമൻ നായർ |
| 6 | കോട്ട കുടിവെള്ള പദ്ധതി | 30.3.2017 | സുനിൽകുമാർ റ്റി ആർ |
| 7 | 59-ാം നമ്പർ അംഗൻവാടി കെട്ടിട നിർമ്മാണം | 24.12.2018 | മുരളീധരൻ എം ആർ |
| 8 | ബഡ്സ് സ്കൂൾ നിർമ്മാണം | 15.2.2019 | അനിൽകുമാർ |

ക്രമ നം. (1), (3), (4) എന്നീ പ്രവൃത്തികളിൽ തദ്ദേശവാസികളുമായി തർക്കം നിലനിൽക്കുന്നുണ്ട്. മേൽ സൂചിപ്പിച്ച പ്രവൃത്തികൾ എല്ലാം അടിയന്തിരമായി തീർപ്പാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്, അല്ലാത്തപക്ഷം കരാറുകാരിൽ നിന്നും നഷ്ടം ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-29 പാർട്ട് ബിൽ നൽകിയ പ്രവൃത്തികൾ പൂർത്തീയാക്കില്ല

അസിസ്റ്റന്റ് എഞ്ചിനീയർ 2016-17 വർഷം നിർവ്വഹിച്ച പദ്ധതികളായ ആയുർവ്വേദാശുപത്രി അറ്റകുറ്റപ്പണികൾ (254/17), കോട്ട കുടിവെള്ള പദ്ധതി (212/17) എന്നീ പദ്ധതികൾക്ക് യഥാക്രമം 357182/- (ബിൽ നമ്പർ *80/17-18/14-09-17)*, 948064/- *(ചെക്ക് നം. 0888302/07-11-17)* രൂപ നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രവൃത്തികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (32/2.11.19) മറുപടി ലഭ്യമാക്കിയിട്ടില്ല.

കോട്ട കുടിവെള്ള പദ്ധതിയ്ക്ക് 2019-20-ൽ സ്പിൽ ഓവർ പ്രോജക്ട് ആവിഷ്കരിച്ചിട്ടുണ്ട്. ആയത് അടിയന്തിരമായി പൂർത്തീകരിക്കേണ്ടതാണ്. ആയുർവ്വേദാശുപത്രി അറ്റകുറ്റപ്പണികൾ എന്ന പ്രവൃത്തി ഉപേക്ഷിച്ചിട്ടുള്ളതാണ്. കരാറിലെ വ്യവസ്ഥ ലംഘിച്ചതിന് ഈ പ്രവൃത്തിയുടെ കരാറുകാരനിൽ നിന്നും പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന് പിഴ ഈടാക്കേണ്ടതാണ്.

## 1-30 ലൈഫ് ഭവന പദ്ധതി -വിവരങ്ങൾ

സ്വന്തമായി ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നിർമ്മിക്കുന്നതിനും അപൂർണ്ണമായ വീടുകളുടെ നിർമ്മാണത്തിനും ധനസഹായം ലഭ്യമാക്കുകയും, ഭൂരഹിത ഭവനരഹിത കുടുംബങ്ങൾക്ക് ഭവന സമുച്ചയങ്ങൾ നിർമ്മിച്ച് നൽകി ഭവനരഹിതർ ഇല്ലാത്ത സമൂഹത്തെ സൃഷ്ടിക്കാനമാണ് ലൈഫ് മിഷൻ പദ്ധതി ലക്ഷ്യമിടുന്നത്. ആറന്മുള പഞ്ചായത്തിൽ ഓഡിറ്റ് വർഷം ഭൂമിയുള്ള ഭവനരഹിതർക്ക് വീട് എന്ന രണ്ട് പ്രോജക്ടുകൾ (ജനറൽ, പട്ടികജാതി വിഭാഗങ്ങൾ) നടപ്പിലാക്കിയിട്ടുണ്ട്. രണ്ട് പ്രോജക്ടുകളിൽ കൂടി ആകെ 30 പേര് ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു-

| *വിഭാഗം* | *പഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്താക്കളുടെ എണ്ണം* | *സഹായം നൽകിയത്* | *വകയിരുത്തൽ* | | | | *ചെലവ്* | | | |
|---|---|---|---|---|---|---|---|---|---|---|
| | | | *വികസന ഫണ്ട്* | *ബ്ലോക്ക് പഞ്ചായത്ത്* | *ജില്ലാ പഞ്ചായത്ത്* | *ലോൺ* | *വികസന ഫണ്ട്* | *ബ്ലോക്ക് പഞ്ചായത്ത്* | *ജില്ലാ പഞ്ചായത്ത്* | *ലോൺ* |
| ജനറൽ | 252 | 36 | 3559000 | 2580000 | 1259623 | 7060377 | 3559000 | 2580000 | 1259623 | 3240377 |
| എസ്.സി | 141 | 18 | 4500000 | - | - | - | 4500000 | - | - | - |
| | 393 | | | | | | | | | |

തൻ വർഷം 54 പേര് ഭവന നിർമ്മാണം ആരംഭിക്കുന്നതിന് കരാറിലേർപ്പെട്ടെങ്കിലും 30 പേർ മാത്രമാണ് ഭവന നിർമ്മാണം പൂർത്തീകരിച്ചത്. ബാക്കിയുള്ള ഗുണഭോക്താക്കൾക്ക് അടിയന്തിരമായി സഹായം ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-31 അഗതി രഹിത കേരളം- പദ്ധതി ഫലപ്രദമായി നടപ്പാക്കുന്നതിൽ വീഴ്ച

2013 മുതൽ 2016 വരെയാണ് ആശ്രയ പദ്ധതിയുടെ രണ്ടാം ഘട്ടം പഞ്ചായത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിച്ച കാലയളവ്. പദ്ധതിയിൽ ഗുണഭോക്താക്കളായി 340 പേര് (155 കുടുംബങ്ങൾ) ഉൾപ്പെട്ടിട്ടുണ്ട്. 7294776/- രൂപ വകയിരുത്തിയ പ്രസ്തുത പ്രോജക്ടിൽ നിന്നും ആകെ ചെലവഴിച്ചത് 1088521/- രൂപയാണ്. ഇതിൽ 910921/-

രൂപയും ചെലവഴിച്ചത് ഭക്ഷണ വിതരണത്തിന് മാത്രമാണ്. ഇപ്രകാരം ആശ്രയ പദ്ധതിയുടെ രണ്ടാം ഘട്ടം പൂർണ്ണ പരാജയമായിരുന്നു. ആശ്രയ ഒന്നാം ഘട്ടം (2003-2006), റീവിസിറ്റഡ് പ്രോജക്ട് (2010-11), രണ്ടാം ഘട്ടം എന്നീ പ്രോജക്ടുകളുടെ നടത്തിപ്പ് കാലയളവിന് ശേഷം 31.3.2018-ന് ആശ്രയ അക്കൗണ്ടിൽ 3115110/- രൂപ നീക്കിബാക്കിയുണ്ട്.

അഗതി രഹിത കേരളം പദ്ധതിയ്ക്ക് ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ചെങ്കിലും തൻ വർഷം പദ്ധതിയിലെ വിവിധയിനങ്ങൾക്കായി തുകയൊന്നും ചെലവഴിച്ചിട്ടില്ല. പഴയ ആശ്രയ പദ്ധതിയുടെ ഗുണഭോക്താക്കൾക്കായി 319000/- രൂപയുടെ ഭക്ഷണ വിതരണം നടന്നിട്ടുണ്ട്. 31.3.2019-ൽ അഗതി രഹിത കേരളം പദ്ധതിയുടെ അക്കൗണ്ടിൽ 3115870/- രൂപ നീക്കിബാക്കിയുണ്ട്. പദ്ധതിയിൽ ഭക്ഷണവിതരണം മാത്രമാണ് മുഖ്യമായി നടക്കുന്നത്. പഞ്ചായത്ത് ഭരണസമിതിയുടെയും, ക്ഷേമകാര്യ സ്ഥിരം സമിതിയുടെയും മോണിട്ടറിംഗിന്റെ അഭാവമാണ് പദ്ധതിയുടെ പരാജയത്തിന് മുഖ്യ കാരണം. അഗതി രഹിത കേരളം പദ്ധതിയിലുൾപ്പെട്ട എല്ലാ ഗുണഭോക്താക്കൾക്കും അർഹതപ്പെട്ട ആനുകൂല്യം ലഭ്യമാക്കാൻ പഞ്ചായത്തിന്റെ ഭാഗത്ത് നിന്നും ശ്രമം ഉണ്ടാകേണ്ടതാണ്.

## 1-32 ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ്-ലഘു അവലോകനം

ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതിയുടെ ഭാഗമായി വ്യക്തികൾക്കോ, കുടുംബങ്ങൾക്കോ ആനുകൂല്യം നൽകുന്നതിന് വേണ്ടിയുള്ള പ്രോജക്ടുകളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ ത.സ്വ.ഭ.വകുപ്പിന്റെ 29.01.2018-ലെ സ.ഉ(കൈ)നം.11/2018പ്രകാരമുള്ള നടപടിക്രമം പാലിക്കുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മാർഗ്ഗരേഖ പ്രകാരം അനുവർത്തിക്കേണ്ട നടപടി ക്രമം | പഞ്ചായത്ത് സ്വീകരിച്ച നടപടി |
|---|---|
| അർഹരായ എല്ലാവർക്കും അപേക്ഷ നൽകാൻ അവസരം ലഭിക്കുന്ന തരത്തിൽ അവസാന തീയതിയും സമയവും നിശ്ചയിച്ച് നൽകണം. ഗ്രാമകേന്ദ്രങ്ങൾ തുടങ്ങി എല്ലാവിധ സംവിധാനങ്ങളിലൂടെയും അപേക്ഷ ഫോറം വിതരണം ചെയ്യണം. വ്യാപകമായ പ്രചാരണം നൽകണം. | വ്യാപകമായ പ്രചാരണം നൽകുന്നില്ല |
| അപേക്ഷ പ്രകാരം അർഹതാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ കരട് ലിസ്റ്റ് അതാത് വർക്കിംഗ് ഗ്രൂപ്പിന്റെ സഹായത്തോടെ തയ്യാറാക്കണം | കരട് ലിസ്റ്റ് വർക്കിംഗ് ഗ്രൂപ്പിന്റെ സഹായത്തോടെയല്ല തയ്യാറാക്കുന്നത് |
| അർഹരായവരിൽ നിന്നും അർഹതാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകി കരട് മുൻഗണനാ ലിസ്റ്റ് തയ്യാറാക്കണം | ലിസ്റ്റ് തയ്യാറാക്കിയത് പരിശോധനയ്ക്ക് ഹാജരാക്കിയില്ല. |
| മുൻഗണനാ ലിസ്റ്റ് പ്രകാരമുള്ള അപേക്ഷരുടെ അർഹതയും മുൻഗണനയും രണ്ട് ഉദ്യോഗസ്ഥർ ഫീൽഡ് ലെവൽ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തണം. | ഉദ്യോഗസ്ഥർ ഫീൽഡ് ലെവൽ പരിശോധന നടത്തുന്നില്ല |
| പരിശോധനയുടെയും സാക്ഷ്യപ്പെടുത്തലിന്റെയും അടിസ്ഥാനത്തിൽ കരട് ലിസ്റ്റ് പുതുക്കി തയ്യാറാക്കണം | കരട് ലിസ്റ്റ് തയ്യാറാക്കുന്നില്ല |
| കരട് ലിസ്റ്റ് ആക്ഷേപങ്ങൾ സ്വീകരിക്കുന്നതിനായി പ്രസിദ്ധീകരിക്കണം. പത്ത് ദിവസത്തെ സമയം നൽകണം. | വിവരം ലഭ്യമല്ല. |
| കരട് ലിസ്റ്റ് ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങുകയും തീരുമാനം മിനിട്ട്സിൽ രേഖപ്പെടുത്തുകയും വേണം. | ഗ്രാമസഭയുടെ അംഗീകാരം വാങ്ങിയിട്ടുണ്ട്. |
| അംഗീകരിച്ച മുൻഗണനാ ലിസ്റ്റ് പഞ്ചായത്തിന്റെ നോട്ടീസ് ബോർഡിലും വെബ്സൈറ്റിലും പ്രസിദ്ധീകരിക്കണം | ഓഡിറ്റ് വേളയിൽ വെബ്സൈറ്റിൽ ലിസ്റ്റ് ലഭ്യമല്ലായിരുന്നു |
| ഭരണസമിതി അംഗീകരിച്ച മുൻഗണനാ ലിസ്റ്റ് ഗ്രാമ/വാർഡ് കേന്ദ്രങ്ങളിൽ പരിശോധനയ്ക്ക് ലഭ്യമാക്കണം. | മുൻഗണനാ ലിസ്റ്റ് ഗ്രാമ/വാർഡ് കേന്ദ്രങ്ങളിൽ പരിശോധനയ്ക്ക് ലഭ്യമാക്കുന്നില്ല |
| അംഗീകരിച്ച മുൻഗണന ലിസ്റ്റിലെ മുഴുവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകിയതിന് ശേഷമേ പുതിയ ലിസ്റ്റ് തയ്യാറാക്കാവൂ. | എല്ലാ വർഷവും പുതിയ ലിസ്റ്റ് തയ്യാറാക്കുന്നു |

ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുന്നതിനായി സ്വീകരിച്ച നടപടി ക്രമങ്ങളുടെ വിശദാംശം ഓഡിറ്റിന് ലഭ്യമാക്കുന്നതിന് അന്വേഷണക്കുറിപ്പ് (20/19 തീയതി 29.10.2019) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-33 ഗുണഭോക്തൃ പട്ടികയിലെ മുൻഗണനാ ക്രമത്തിലല്ലാതെ ആനുകൂല്യം നൽകുന്നു

ഹെഡ്മിസ്ട്രസ്സ് നിർവ്വഹണ ഉദ്യോഗസ്ഥയായി പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വിതരണം ചെയ്യുന്നതിനായി ആവിഷ്കരിച്ച പദ്ധതി പ്രകാരം ആനുകൂല്യം നൽകിയിട്ടുള്ളത് ഗുണഭോക്തൃ പട്ടികയിലെ മുൻഗണന ക്രമത്തിൽ അല്ല വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ/പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| 81/19-പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് | 360000 | 342550 |
| 385/19-പ്രൊഫഷണൽ വിദ്യാഭ്യാസം നടത്തുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് (Spill Over) | 540000 | 52060 |

- **പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്-പ്രോ.നം.81/19**

പ്രസ്തുത പദ്ധതിയുടെ ഭാഗമായി 13 വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വാങ്ങി നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമസഭയും ഗ്രാമപഞ്ചായത്ത് കമ്മിറ്റിയും അംഗീകരിച്ച് നൽകിയ ഗുണഭോക്തൃ പട്ടികയിലെ മുൻഗണനാക്രമത്തിൽ അല്ല ആനുകൂല്യം നൽകിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് | വാർഡ് | മുൻഗണനാ ക്രമം |
|---|---|---|---|
| 1. | അഞ്ജലി.എ | 2 | 3 |
| 2. | അഥീനാ രവി | 6 | 6 |
| 3. | ഇന്ദുജാ രമേശ് | 8 | 3 |
| 4. | അഷ്ടമി പ്രസാദ് | 11 | 2 |
| 5. | ആര്യാ.കെ.മധു | 12 | 6 |
| 6. | ഹരിതാമുരളി | 14 | 2 |
| 7. | അജിൻ.എസ് | 18 | 4 |
| 8. | രേഷ്മാ രാജേന്ദ്രൻ | 8 | 8 |

- **പ്രൊഫഷണൽ വിദ്യാഭ്യാസം നടത്തുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്-പ്രോ.നം.385/19**

പ്രസ്തുത പദ്ധതിയുടെ ഭാഗമായി 19 വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമസഭയും ഗ്രാമപഞ്ചായത്ത് കമ്മിറ്റിയും അംഗീകരിച്ച് നൽകിയ ഗുണഭോക്തൃ പട്ടികയിലെ മുൻഗണനാക്രമത്തിൽ അല്ല ആനുകൂല്യം നൽകിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് | വാർഡ് | മുൻഗണനാ ക്രമം |
|---|---|---|---|
| 1. | സരിഗാ രവീന്ദ്രൻ | 4 | 3 |

| | | | |
|---|---|---|---|
| 2. | ശ്രീഹരി ഉണ്ണികൃഷ്ണൻ | 6 | 8 |
| 3. | ലക്ഷ്മി കുഞ്ഞുമോൻ | 8 | 5 |
| 4. | അനന്ദു.കെ | 11 | 2 |
| 5. | കാവ്യാ മുരളീധരൻ | 12 | 16 |
| 6. | രേഷ്മാ രവി | 12 | 15 |
| 7. | മഹേഷ്.എം | 7 | 3 |

ഗ്രാമപഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് നൽകിയ മുൻഗണനാ ക്രമത്തിൽ അല്ലാതെ ആനുകൂല്യം നൽകിയത് ക്രമവിരുദ്ധമാണ്. മുൻഗണനാ ക്രമത്തിലുള്ളവർക്ക് ആനുകൂല്യം വേണ്ടാത്തതിനാലാണ് മറ്റുള്ളവരെ പരിഗണിച്ചതെന്ന് അപാകത ചൂണ്ടിക്കാണിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് (14/23.10.2019) നിർവ്വഹണഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയത്. എന്നാൽ ഇത് സംബന്ധിച്ച് യാതൊരു രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഈ വിഷയത്തിൽ പഞ്ചായത്ത് ഭരണസമിതിയുടെ സജീവ ശ്രദ്ധക്ഷണിക്കുന്നു.

# 1-34 പഞ്ചായത്ത് ലൈബ്രറി പ്രവർത്തനം-പൊതുഅവലോകനം

ഗ്രാമപഞ്ചായത്തിൽ ലൈബ്രറി സ്ഥാപിക്കുന്നതിനായി ആരംഭിച്ച പദ്ധതികൾ ഇപ്പോഴും ലക്ഷ്യം കാണുന്നില്ല. ലൈബ്രറി പ്രവർത്തന സജ്ജമാക്കുന്നതിനായി 2016-17 വർഷം ഹെഡ്മിസ്ട്രസ്സ് നിർവ്വഹണ ഉദ്യോഗസ്ഥയായും, 2018-19 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണഉദ്യോഗസ്ഥയായും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ലൈബ്രറിക്കായി 2016-17 സാമ്പത്തിക വർഷം വികസനഫണ്ടിൽ നിന്നും 1.5ലക്ഷം രൂപ ചെലവഴിച്ച് തിരുവല്ല ബുക്ക്മാർക്കിൽ നിന്ന് പുസ്തകങ്ങൾ വാങ്ങുകയും ചെയ്തിട്ടുണ്ട്. എന്നാൽ വാങ്ങിയ പുസ്തകങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല. ഓഡിറ്റ് വേളയിൽ ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചപ്പോൾ വാങ്ങിയ പുസ്തകങ്ങളുടെ വിവരം ഉൾപ്പെടുത്തിയിട്ടില്ല. വർഷാ വർഷം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതി ആവിഷ്കരിക്കുന്നതല്ലാതെ പദ്ധതി പൂർത്തിയാക്കുന്നതിന് കാര്യക്ഷമമായ നീക്കങ്ങൾ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല. പഞ്ചായത്ത് ലൈബ്രറിക്കായി വാങ്ങിയ പുസ്തകങ്ങൾ കണ്ടെടുക്കുന്നതിനും, പഞ്ചായത്ത് പ്രദേശത്തെ ജനങ്ങളിൽ വായനാശീലം വളർത്തി അതുവഴി പ്രദേശത്തിന്റെ സാംസ്കാരികമായ ഉന്നമനം സാധ്യമാക്കാൻ ഉതകുന്ന രീതിയിൽ പദ്ധതി പൂർത്തീകരിക്കുന്നതിനും ഭരണസമതി സത്വരനടപടി സ്വീകരിക്കണമെന്ന് ശുപാർശ ചെയ്യുന്നു.

# 1-35 നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിച്ചില്ല തുക തടസ്സപ്പെടുത്തുന്നു

ഗ്രാമപ്പഞ്ചായത്ത് 2018-19 വർഷം കേരള വാട്ടർ അതോറിറ്റി, കേരള സംസ്ഥാന വൈദ്യുതി ബോർഡ് എന്നിവയിൽ തുക നിക്ഷേപിച്ച പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല. വിവരം ചുവടെ ചേർക്കുന്നു-

| *ക്രമ നം.* | *പദ്ധതി പേര്/ നമ്പർ* | *സ്ഥാപനം* | *നിക്ഷേപിച്ച തുക* | *ബിൽ നമ്പർ/ തീയതി, തുക* |
|---|---|---|---|---|
| 1 | ലൈൻ വലിച്ച് ലൈറ്റ് സ്ഥാപിക്കൽ (27/19) | കേരള സംസ്ഥാന വൈദ്യുതി ബോർഡ് | 356161/- | 25/18-19/11.1.19 184598 രൂപ |

| | | | | |
|---|---|---|---|---|
| | | | | 33/18-19/28.2.19<br>72216 രൂപ<br>35/18-19/28.2.19<br>90282 രൂപ<br>36/18-19/28.2.19<br>9065 രൂപ |
| 2 | വിളക്കുമാടം കുന്നത്തുപടി പൈപ്പ് ലൈൻ നീട്ടൽ (403/19) | കേരള വാട്ടർ അതോറിറ്റി | 623000/- | 5/18-19/23.7.18<br>623000 രൂപ |
| 3 | പൈപ്പ് ലൈൻ നീട്ടൽ (452/19) | കേരള വാട്ടർ അതോറിറ്റി | 73185/- | 37/18-19/22.3.19<br>73185 രൂപ |
| | | ആകെ | **1052346/-** | |

പൂർത്തീകരണ വിവരം ലഭ്യമല്ലാത്ത സാഹചര്യത്തിൽ 1052346/- രൂപ തടസ്സപ്പെടുത്തുന്നു. പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല

## ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 10.6.2019-12.6.2019 | കെ.എസ്.എ.പിറ്റിഎ.പി1-602(45)/19 തീയതി 8.7.19 |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും

| *വിഹിതം നൽകിയ സ്ഥാപനം* | *ലഭിച്ച തുക* | *പ്രോജക്ടിന്റെ പേര്* | *ചെലവ്* | *നീക്കിയിരിപ്പ്* |
|---|---|---|---|---|
| പന്തളം ബ്ലോക്ക് പഞ്ചായത്ത് | 680000 | നെൽകൃഷിയ്ക്ക് കൂലി ചെലവ് സബ്സിഡി | 382400 | 297600 |
| പന്തളം ബ്ലോക്ക് പഞ്ചായത്ത് | 2580000 | ലൈഫ് മിഷൻ പാർപ്പിട പദ്ധതി | 2580000 | 0 |
| പന്തളം ബ്ലോക്ക് പഞ്ചായത്ത് | 1500000 | ലൈഫ് മിഷൻ പാർപ്പിട പദ്ധതി (എസ്.സി.പി) | 0 | 1500000 |
| പന്തളം ബ്ലോക്ക് പഞ്ചായത്ത് | 150000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 150000 | 0 |
| പന്തളം ബ്ലോക്ക് പഞ്ചായത്ത് | 1000000 | ഇടശ്ശേരിമല കമ്മ്യൂണിറ്റി ഹാൾ സ്ഥലം വാങ്ങൽ | 0 | 1000000 |
| പന്തളം ബ്ലോക്ക് പഞ്ചായത്ത് | 500000 | ബഡ്സ് സ്കൂൾ നിർമ്മാണം | 0 | 500000 |
| പന്തളം ബ്ലോക്ക് പഞ്ചായത്ത് | 507700 | മായാലുമൺ ബഡ്സ് സ്കൂൾ കെട്ടിട നിർമ്മാണം | 0 | 507700 |
| പന്തളം ബ്ലോക്ക് പഞ്ചായത്ത് | 100000 | പാലിന് സബ്സിഡി നൽകൽ | 100000 | 0 |
| പന്തളം ബ്ലോക്ക് പഞ്ചായത്ത് | 150000 | അഗതി രഹിത പദ്ധതി | 0 | 150000 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 500000 | സാന്ത്വന പരിചരണം | 466285 | 33715 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 1259623 | ലൈഫ് മിഷൻ പാർപ്പിട പദ്ധതി | 1259623 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 1019200 | ലൈഫ് മിഷൻ പാർപ്പിട പദ്ധതി (എസ്.സി.പി) | 0 | 1019200 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 200000 | അംഗൻവാടി പോഷകാഹാര പരിപാടി | 200000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 200000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 200000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 51936 | കോട്ട കുടിവെള്ള പദ്ധതി | 0 | 51936 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 750000 | 48-ാം നമ്പർ അംഗൻവാടി കെട്ടിട നിർമ്മാണം | 235766 | 514234 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 800000 | മായാലുമൺ ബഡ്സ് സ്കൂൾ കെട്ടിട നിർമ്മാണം | 0 | 800000 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 200000 | പാലിന് സബ്സിഡി | 200000 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ | മുൻകൂർ നൽകിയ | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | ചെക്ക് നം. | തുക | | തുക |
| കെ.എസ്.ഇ.ബി | ഗതാഗതത്തിന് തടസ്സമായി നിൽക്കുന്ന ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (30/19) | ബിൽ നം. 21/18-19/ 19.12.18 – 111350 രൂപ<br>ബിൽ നം. 24/18-19/ 11.1.19 – 27671<br>ബിൽ നം. 31/18-19/ 22.2.19 - 10979 രൂപ | 150000 | 150000 | ഇല്ല |
| | ലൈൻ വലിച്ച് ലൈറ്റ് സ്ഥാപിക്കൽ (27/19) | ബിൽ നം. 25/18-19/ 11.1.19 – 184598 രൂപ<br>ബിൽ നം. 29/18-19/ 4.2.19 – 83863 രൂപ<br>ബിൽ നം. 33/18-19/ 28.2.19 – 72216 രൂപ<br>ബിൽ നം. 34/18-19/ 28.2.19 - 99710 രൂപ<br>ബിൽ നം. 35/18-19/ 28.2.19 – 90282 രൂപ<br>ബിൽ നം. 36/18-19/ 28.2.19 – 9065 രൂപ | 539734 | 183573 | 356161 |
| കേരള വാട്ടർ അതോറിറ്റി | വിളക്കുമാടം കുന്നത്തുപടി പൈപ്പ് ലൈൻ നീട്ടൽ<br>(403/19) | ബിൽ നം. 5/18-19/ 23.7.18 - 623000 | 623000 | ഇല്ല | 623000 |
| | പൈപ്പ് ലൈൻ നീട്ടൽ<br>(452/19) | ബിൽ നം. 37/18-19/ 22.3.19 - 73185 രൂപ | 73185 | ഇല്ല | 73185 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 3240377 രൂപ വരവുണ്ട്. 3240377രൂപയും വിനിയോഗിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ | സ.ഉ 100/18/ തസ്വഭവ തീയതി 23.7.2018 | 3240377 | ഇല്ല | ഇല്ല | ഇല്ല | 3240377 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2703623 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 172579 |
| ആകെ | 2876202 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ഇല്ല |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 13141 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തീയതി |
|---|---|---|---|---|
| 2001-02 | 2-6 | 12741 | അസിസ്റ്റന്റ് എഞ്ചിനീയർ | 118140105175/20.2.19 |
| 2001-02 | 2-6 | 400 | ഭദ്രൻ റ്റി എൻ, ഹെഡ് ക്ലർക്ക് | 118140106560/31.3.19 |
| | | 13141 | | |

# 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| --ഇല്ല-- | | | | | |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)<u>ചാർജ്, സർചാർജ്നടപടി വഴി ഈടാക്കിയ തുക</u>

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) <u>സംക്ഷിപ്ത വിവരം</u>

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് [മുന്നിരിപ്പ് തുക ഉൾപ്പെടെ, റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം] | 125058896 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 91200596 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1052346 |

**(ബി)** <u>ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

**(സി)** <u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| *ഖണ്ഡിക നമ്പർ* | *തുക* | *ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും* |
|---|---|---|
| 1-35 | 1052346 | ശ്രീ. വിജയ് എസ്, സെക്രട്ടറി |
| | 1052346 | |

(ഡി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നം | നഷ്ടമായ തുക |
|---|---|
| 1-17 | 22680/- |

**(ഇ)** <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(എഫ്) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| *പേര്, ഉദ്യോഗപ്പേര്* | *സ്ഥിരവിലാസം* | *ഓഡിറ്റ് വേളയിലെ വിലാസം* |
|---|---|---|
| ശ്രീ. വിജയ എസ്,<br>സെക്രട്ടറി | സായി ഭവൻ,<br>നെടിയംപോള ഭാഗം, ഗുരുപുരം,<br>അവലൂക്കുന്ന് പി.ഒ,<br>ആലപ്പുഴ | സെക്രട്ടറി,<br>ആറന്മുള ഗ്രാമപഞ്ചായത്ത് |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1991-92 | എൽ.എഫ്.പി.റ്റി.എ./പി2/324/94, തീ.15.07.94 | 10 |
| 1995-96 | എൽ.എഫ്.പി.റ്റി.എ./പി2/119/98, തീ.04.06.99 | എല്ലാ ഖണ്ഡികകളും |
| 1996-97 | എൽ.എഫ്.പി.റ്റി.എ/പി3/746/2003, തീ.06.05. | എല്ലാ ഖണ്ഡികകളും |
| 1997-98 (DCB) | എൽ.എഫ്.പി.റ്റി.എ./പി3/346/04, തീ. 14.09.04 | എല്ലാ ഖണ്ഡികകളും |
| 1998-99 (DCB) | എൽ.എഫ്.പി.റ്റി.എ./പി3/347/04, തീ. 15.09.04 | എല്ലാ ഖണ്ഡികകളും |
| 1999-00 (ചെലവ്) | എൽ.എഫ്.പി.റ്റി.എ./പി3/844/00, തീ. 29.09.01 | എല്ലാ ഖണ്ഡികകളും |
| 2000-01 (ജ.ആ) | എൽ.എഫ്.പി.റ്റി.എ./പി3/488/00 തീ. 03.11.03 | എല്ലാ ഖണ്ഡികകളും |
| 2000-01 (ചെലവ്) | എൽ.എഫ്.പി.റ്റി.എ./പി3/477/05, തീ. 05.11.06 | എല്ലാ ഖണ്ഡികകളും |
| 2001-02 (ചെലവ്) | എൽ.എഫ്.പി.റ്റി.എ./പി3/478/05, തീ.05.01.06/15.02.06 | 2 |
| 2002-03 | എൽ.എഫ്.പി.റ്റി.എ./പി3/121/07 തീയതി 08.05.07/05.10.07 | 1 |
| 2003-04 | എൽ.എഫ്.പി.റ്റി.എ./പി6/642/09 തീയതി 13.04.10 | 6 |
| 2004-05 | എൽ.എഫ്.പി.റ്റി.എ./പി5/490/10,തീ. 09.12.11 | 7 |
| 2005-06 | എൽ.എഫ്.പി.റ്റി.എ./പി5/491/10, തീ.11.01.11 | 3 |
| 2006-07 2009-10 | എൽ.എഫ്.പി.റ്റി.എ./പി5/687/12, തീ.30.10.12 | 8 |
| 2011-12 | എൽ.എഫ്.പി.റ്റി.എ./പി5 572/13 തീയതി | 3 |

| | | |
|---|---|---|
| | 23.09.13 | |
| 2012-13<br>2013-14 | എൽ.എഫ്.പി.റ്റി.എ./പി11/894/14 തീയതി 01.12.14/04.02.15 | 6 |
| 2014-15 | കെ.എസ്.എ.പി.റ്റി.എ./പി11/682/16 തീയതി 24.6.2016 | 5 |
| 2015-16 | കെ.എസ്.എ.പി.റ്റി.എ./പി11/1206/16 തീയതി 07.11.2016 | 16 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ. പി9/981/17 തീയതി: 13.09.2017 | 21 |
| 2017-18 | കെ.എസ്.എ.പി.റ്റി.എ. പി11/97/19 തീയതി: 7.3.2019 | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**പത്തനംതിട്ട**

**അനുബന്ധം-1**

| | |
|---|---|
| നം.കെ.എസ്.എ.പിറ്റിഎ.പി11-944 /2019 | തീയതി 5.12.19 |

**ഓഡിറ്റ് സർട്ടിഫിക്കറ്റ്**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, എന്നിവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ **ആറന്മുള ഗ്രാമപഞ്ചായത്തിന്റെ** 2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-11-ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **ആറന്മുള ഗ്രാമപഞ്ചായത്തിന്റെ** 2018-19-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**പത്തനംതിട്ട**

| | |
|---|---|
| No.KSA.PTA.P1-944/2019 | Date:5.12.19 |

CERTIFICATE

Certified that I have examined the Annual Financial Statement of **Aranmula Grama Panchayat** in Pathanamthitta district for the year ended on 31.03.2019 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made thereunder and the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of **Aranmula Grama Panchayat** for the year 2018-19 except the observations in para 1-11 of my report properly presents the picture of income and expenditure.

**Deputy Director**

**Kerala State Audit Department**

**Pathanamthitta**